# Athmaraksha.org

## പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഫ്രാൻസിസ് പാപ്പയുടെ ചുംബനം കൈക്കുഞ്ഞിനെ സുഖപ്പെടുത്തി



അരിസോണ : ഉദരത്തിൽ 11 ആഴ്ച പ്രായമായപ്പോഴാണ് തന്റെ കുഞ്ഞിന് ബുദ്ധിമാന്ദ്യമുണ്ടെന്നുള്ള ഞെട്ടിക്കുന്ന വാർത്ത ലിൻ കസിദി എന്ന അരിസോണയിൽ നിന്നുള്ള അമ്മ ഡോക്ടർമാരിൽ നിന്നറിയുന്നത്. ഭർത്താവ് സ്കോട്ടിനോടും ഈ വേദന അവർ പങ്കുവച്ചു. തികഞ്ഞ കത്തോലിക്കാ വിശ്വാസികളായിരുന്ന അവർ പ്രാർത്ഥനയിൽ അഭയം തേടി. ഇത്തരം റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം ആരോഗ്യമുള്ള കുഞ്ഞുങ്ങളെ ലഭിച്ച അനേകരുടെ സാക്ഷ്യങ്ങൾ അവർക്ക് ബലമായുണ്ടായിരുന്നു.

ആവേ എന്നു പേരിട്ട് വിളിച്ച അവരുടെ കുഞ്ഞ് ജനിച്ചപ്പോൾ സ്വർണ്ണമുടികളും നീലക്കണ്ണുകളും, അവൾ സുന്ദരിയായിരുന്നു. എന്നാൽ ഡൗൺ സിൻഡ്രം എന്ന രോഗത്തിന്റെ പിടിയിലും. അത് ജനുവരി 2014. ഡോക്ടർമാർ കൂടുതൽ പരിശോധനകൾ നടത്തി. ആവേയുടെ കണ്ണുകൾക്കും കാതുകൾക്കും ഹൃദയത്തിനും പോരായ്മകളുണ്ടെന്ന് അവർ കണ്ടെത്തി. വിദഗ്ധരായ ഡോക്ടർമാരുടെ സംഘം ഹൃദയത്തിൽ രണ്ട് സുഷിരങ്ങളും ഉണ്ടെന്ന് സ്ഥിരീകരിച്ചു. കസിദ് കുടുംബത്തിന് താങ്ങാവുന്നതിലും അധികമായിരുന്നു ഈ കണ്ടെത്തലുകൾ.

ഈസ്റ്റർ അടുത്തുവന്നപ്പോൾ കസിദി കുടുംബം ഇറ്റലിയിലേക്ക് ഒരു യാത്ര പുറപ്പെടുവാൻ തീരുമാനിച്ചു. ജോൺ പോൾ രണ്ടാമൻ പാപ്പായെ വിശുദ്ധനാക്കുന്ന ചടങ്ങുമായി ബന്ധപ്പെട്ടായി ആ യാത്ര എന്നത് ദൈവനിശ്ചയം. വൻ ജനാവലിയോടൊപ്പം അവരും തീർത്ഥാടകരായി. ഒരു ബുധനാഴ്ച സെന്റ് പീറ്റേഴ്സ് സ്ക്വയറിലേക്കുള്ള യാത്ര. പലരിൽ നിന്നും അവർ ഒരു വാർത്ത കേട്ടിരുന്നു. ഫ്രാൻസിസ് പാപ്പാ കുഞ്ഞുങ്ങളെ ഏറെ സ്നേഹിക്കുന്നു. മാത്രമല്ല, അടുത്തെത്തിയാൽ കുഞ്ഞുങ്ങളെ ആശ്ലേഷിച്ച് ചുംബിക്കുന്നതും പാപ്പായുടെ ഇഷ്ടങ്ങളിലൊന്ന്. അന്ന് സ്ക്വയറിൽ അധികം കുഞ്ഞുങ്ങളെ അവർ കണ്ടില്ല. ഇതുതന്നെ അവസരമെന്ന് കസിദി കുടുംബവും കരുതി.

പോപ്പ് മൊബൈലിൽ ഫ്രാൻസിസ് പാപ്പാ കടന്നുവരുന്നു. സ്കോട്ട് സ്വന്തം കുഞ്ഞിനെ ഒരു സെക്യൂരിറ്റി ഗാർഡിന്റെ കൈവശമേൽപിച്ച് പാപ്പായുടെ നേർക്ക് കൊടുക്കുവാൻ ആവശ്യപ്പെട്ടു. ആവേ അപ്പോൾ ഉറങ്ങുകയായിരുന്നെങ്കിലും പാപ്പായുടെ കൈകളിൽ നിന്ന് അവൾക്കും കിട്ടി ചൂടുചുംബനം. എന്താണ് പേരെന്നും, എത്രവയസ്സായി എന്നും പാപ്പാ ആരാഞ്ഞു. സ്കോട്ട് കസീദി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. പാപ്പാ, അവളുടെ ഹൃദയത്തിൽ രണ്ടു സുഷിരങ്ങളുണ്ട്, അവൾ രോഗിണിയാണ്.

റോമിലെ യാത്ര കഴിഞ്ഞ അവർ മടങ്ങിയെത്തി. ആവേയെ ഹൃദയപരിശോധന നടത്തുന്ന ഒരു വിദഗ്ധന്റെ അടുക്കൽ അവർ പരിശോധനയ്ക്കായെത്തിച്ചു. ഒരു സുഷിരം പാടേ അപ്രത്യക്ഷമായിരിക്കുന്നു! അടുത്തത് പാതിയടഞ്ഞ നിലയിലും ! ആ പ്രശ്നം 90 ശതമാനം പരിഹരിക്കപ്പെട്ടുവെന്നും ഇനി രണ്ടുവർഷത്തേക്ക് യാതൊരു ചെക്കപ്പും നടത്തേണ്ടതില്ലെന്നും ഡോക്ടർമാരുടെ വിധി.

കസിദി കുടുംബം ഒന്നടങ്കം പറയുന്നു. 'ഞങ്ങൾ അത്ഭുതങ്ങളിൽ വിശ്വസിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരു ജീവിക്കുന്ന വിശുദ്ധനാണ്. ദൈവം ഫ്രാൻസിസ് പാപ്പായിലൂടെ ചെയ്യുന്ന മഹനീയ കാര്യങ്ങളിൽ ഒന്നായി ഇതും ഞങ്ങൾ ഏറ്റുപറയുന്നു.'

വാഷിംഗ്ടൺ പോസ്റ്റ് ഈ കുടുംബത്തെ നേരിട്ട് അഭിമുഖം നടത്തി പുറത്തുവിട്ടിരിക്കുന്ന വാർത്ത ഇതിനോടകം അനേകരുടെ വിശ്വാസത്തെയും സഭാസ്നേഹത്തെയും ഉണർത്തിയിരിക്കുകയാണ്.